# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# ജി.എൽ.പി. സ്കൂൾ തുറക്കൽ

# ആമുഖം

തുറക്കൽ ജി എൽപി സ്കൂളിൽ 2025 –26 അധ്യയന വർഷത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്, കുട്ടികൾക്ക് പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.  എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം  കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ  നേട്ടങ്ങൾ കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. എഴുത്തിലും വായനയിലും ഇതോടൊപ്പം കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിന്റെ ഒരു തനത് പ്രവർത്തനം ആരംഭിക്കുകയാണ്. 'അക്ഷരവെട്ടം' ഈ അക്കാദമിക വർഷം പഠന മികവിൽ  കൂടുതൽ മുന്നോക്കം പോകാൻ ഈ പദ്ധതി കൊണ്ട് കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

കൊണ്ടോട്ടി സബ് ജില്ലയിലെ, നൂറോളം  വർഷങ്ങളുടെ  പാരമ്പര്യം ഉള്ള സ്കൂളാണ് തുറക്കൽ ജി എൽ പി സ്കൂൾ. അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ ഉയർന്നു നിൽക്കുന്ന സ്കൂൾ ആണ് ഇത്. കൊണ്ടോട്ടി മുൻസിപ്പാലിറ്റിയിലെ നാലാം വാർഡിൽ ആണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. തുടക്കത്തിൽ സ്വന്തമായ കെട്ടിടം ഇല്ലാതിരുന്ന സ്കൂൾ 1997 ലാണ് പുതിയ കെട്ടിടത്തിലേക്ക് മാറിയത്. 1927 ആഗസ്റ്റ് ഒന്നിന് പരിസര പ്രദേശങ്ങളിലെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ട് സർക്കാർ പ്രവർത്തനം തുടങ്ങിയതാണ്, കൊളത്തൂർ  വാർഡ്  എലിമെന്ററി സ്കൂൾ.

നിർബന്ധിത ബോയ്സ് സ്കൂൾ ആയി തുടങ്ങിയ ഇതിന്റെ ആദ്യകാല അധ്യാപകരിൽ ഒരാളായിരുന്നു വാഴയിൽ കോയ മാസ്റ്റർ. അദ്ദേഹത്തിന്റെ പിതാവായ വാഴയിൽ സെയ്താലിയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന കൈനിക്കര ടി.ബി റോഡിന് സമീപത്തെ ഭൂമിയിലുള്ള ഓല ഷെഡ്ഡിലാണ് സ്കൂൾ പ്രവർത്തനം തുടങ്ങിയത്. വർഷങ്ങൾക്കുശേഷം കാറ്റിലും മഴയിലും ഷെഡ് നിലം പൊത്തിയതിനെ തുടർന്ന് മംഗലത്ത് കദിയ കുട്ടിയുടെ കൊളത്തൂരിലെ സ്ഥലത്ത് മറ്റൊരു ഷെഡ് നിർമ്മിച്ച് ദിവസ വാടകയിൽ പ്രവർത്തനം തുടർന്നു. ഇന്ത്യ സ്വതന്ത്രമായതിന് ശേഷം 1957ൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് സർക്കാർ നിലവിൽ വന്നതോടെ വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിയ പുതിയ പരിഷ്കാരങ്ങളുടെ ഭാഗമായി സ്കൂളിന്റെ പേര് കൊളത്തൂർ ജി എൽ പി സ്കൂൾ എന്നാക്കി മാറ്റി. അധ്യാപകർക്ക് സർക്കാർ ശമ്പളം നൽകി തുടങ്ങി.

സ്കൂളിനെ ഒഴിപ്പിക്കാൻ ഉള്ള ശ്രമങ്ങൾ നടക്കുകയും തൽഫലമായി സ്കൂൾ അനാഥാവസ്ഥയിൽ ആകുന്ന സ്ഥിതി ഉണ്ടാവുകയും ചെയ്തു. തുറക്കൽ തർബിയത്ത് മദ്രസ ഭാരവാഹികളും രക്ഷിതാക്കളും അധ്യാപകരും മുൻകൈയെടുത്ത് തുറക്കൽ മദ്രസയിൽ വിദ്യാലയം തുടരാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്തു. സ്ഥലം ഉണ്ടാക്കാനുള്ള ശ്രമങ്ങളും നടന്നു. ജനകീയ ആസൂത്രണത്തിന്റ ഭാഗമായി ഗ്രാമപ്രദേശങ്ങളിൽ ഉണ്ടായ പുതിയ കൂട്ടായ്മയുടെയും ഉണർവിന്റെയും ഫലമായി സ്കൂളിന് സ്വന്തം കെട്ടിടവും സ്ഥലവും ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടന്നു.അധ്യാപക രക്ഷാകർതൃ സമിതിയുടെ പ്രവർത്തനഫലമായി അടുത്തുള്ള മിച്ചഭൂമി കണ്ടെത്തി. അത് സ്കൂളിനായി സർക്കാരിൽ നിന്ന് അനുവദിച്ചു കിട്ടി. അരങ്ങ്, യുവജന കലാസമിതി തുടങ്ങിയ സാംസ്കാരിക സംഘടനകളും മുന്നിട്ടിറങ്ങിയാണ് ജനകീയ കൂട്ടായ്മയിലൂടെ മനോഹരമായ ഇരുനില കെട്ടിടം സ്കൂളിനായി പണിതത്. ഡിപിഇപി ഫണ്ട് ഉപയോഗിച്ചായിരുന്നു നിർമ്മാണം. സ്കൂളിന്റെ പേര് തുറക്കൽ ജി എൽപി സ്കൂൾ എന്നാക്കി മാറ്റി. നിലവിൽ 99 സെന്റ് സ്ഥലം സ്കൂളിന് സ്വന്തമായുണ്ട്. നാല് ക്ലാസ് മുറികളോടുകൂടിയ പുതിയ ടിഎ റസാക്ക് സ്മാരക കെട്ടിടം 2021ൽ സർക്കാരിന്റെ തനത് ഫണ്ടിലൂടെ നിർമ്മിച്ച് പഠനം തുടങ്ങിവരുന്നു. സ്വന്തമായി കിണറും കളിസ്ഥലവും പൊതു റോഡും സ്കൂളിന് ഉണ്ട്. തുറക്കൽ, ചെമ്മലപറമ്പ്, പാണ്ടിക്കാട്,പനയംപറമ്പ്,കാഞ്ഞിരപ്പറമ്പ്, നയാ ബസാർ, കൊളത്തൂർ നീറ്റാണിമ്മ ൽ, കുട്ടൻകാവിൽ പ്രദേശങ്ങളിൽ നിന്നെല്ലാം കുട്ടികൾ സ്കൂളിൽ വരുന്നു

## പ്രീ ടെസ്റ്റ് അവലോകനം 2025–26

| ക്ലാസ് | മലയാളം | | | ഇംഗ്ലീഷ് | | | ഗണിതം | | | പരിസര പഠനം | | | അറബി | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | A | B | C | A | B | C | A | B | C | A | B | C | A | B | C |
| 2A | 8 | 8 | 5 | 5 | 9 | 7 | 8 | 9 | 4 | | | | 13 | 1 | 2 |
| 2B | 8 | 7 | 5 | 8 | 6 | 6 | 13 | 4 | 3 | | | | 14 | 3 | 1 |
| 2C | 15 | 4 | 4 | 19 | 2 | 2 | 20 | 0 | 3 | | | | 16 | 2 | 2 |
| Total | 31 | 19 | 14 | 32 | 17 | 15 | 41 | 13 | 10 | | | | 43 | 6 | 5 |
| 3A | 4 | 5 | 5 | 3 | 5 | 6 | 5 | 2 | 7 | 4 | 5 | 5 | 3 | 3 | 2 |
| 3B | 24 | 6 | 5 | 18 | 10 | 7 | 17 | 10 | 8 | 18 | 10 | 7 | 17 | 3 | 6 |
| 3C | 5 | 5 | 3 | 7 | 3 | 3 | 5 | 4 | 4 | 5 | 6 | 2 | 6 | 1 | |
| Total | 33 | 16 | 13 | 28 | 18 | 16 | 27 | 16 | 19 | 27 | 21 | 14 | 26 | 7 | 8 |
| 4A | 16 | 1 | 6 | 7 | 2 | 12 | 16 | | 7 | 10 | 9 | 4 | 12 | 4 | 5 |
| 4B | 19 | 4 | 10 | 10 | 5 | 18 | 8 | 14 | 11 | 13 | 14 | 6 | 15 | 1 | 8 |
| Total | 35 | 5 | 16 | 17 | 7 | 30 | 24 | 14 | 18 | 2 4 | 22 | 10 | 27 | 5 | 13 |

# ആമുഖം

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്.ഈ വർഷം ജൂൺ മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്. ലക്ഷ്യം

ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതുവാനും പഠിപ്പിക്കൽ.ഭാഷാപരമായ പിന്നോക്കാ വസ്ഥ പരിഹരിക്കൽ

# മലയാളം/ പഠന പിന്നാക്കാവസ്ഥ

പ്രവർത്തനം : 1
പേര് : **പുസ്തകം എന്റെ ചങ്ങാതി**
ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വിനിമയ ശേഷികൈവരിക്കുക | പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ ജൂലൈ | | 1000 |
| ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം | ലക്ഷ്യം നേടുന്നതു വരെ | എസ്ആർജി ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 2
പേര്: **എന്റെ പിറന്നാൾ പുസ്തകം**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 5000 |

പ്രവർത്തനം: 3
പേര് : **ഉച്ചഭാഷിണി വായന**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന<br>ശ്രാവ്യ വായന വീഡിയോ അയക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: **4**

പേര് : **അക്ഷര ക്കൂട്ടം വായന കോർണർ**

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി | 4000 |

പ്രവർത്തനം: **5**

പേര് : **സ്കൂൾ ലൈബ്രറി**

ഉപമേഖല : വായന

| | | | | |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ.<br>സ്കൂൾ ലൈബ്രറിയനെ നിയമിക്കൽ | എല്ലാ മാസവും | പിടിഎ പ്രാദേശിക ക്ലബ്ബുകൾ | 5000 |

പ്രവർത്തനം: **6**

പേര് : **ക്ലാസ് തല കയ്യെഴുത്തു മാഗസിൻ, സംയുക്ത ഡയറി**

ഉപമേഖല : ലേഖനം

| | | | | |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.. | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കൈയെഴുത്ത് മാഗസിൻ ഒരുക്കൽ<br><br>സംയുക്ത ഡയറി കുട്ടിയും രക്ഷിതാവും | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം: 7

പേര് : **ക്ലാസ്തല പതിപ്പുകൾ പാട്ടരങ്ങ്**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.. | വിദ്യാലയ വിശേഷങ്ങൾ ക്ലാസ്സിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1500 |

പ്രവർത്തനം: 8

പേര് : **എന്റെ വായനാക്കുറിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമമററി | 3000 |

പ്രവർത്തനം: 9

പേര് : **കയ്യെഴുത്തു മാസികകൾ, പ്രിന്റ്ഡ് മാഗസിൻ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരം ഒരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും പ്രിന്റഡ് മാഗസിൻ വർഷത്തിൽ 1 | വിദ്യാരംഗം ഭാഷാ ക്ലബ്ബ് പരസ്യം വഴി ഫണ്ടിങ് | 15000 |

പ്രവർത്തനം: 7

പേര് : **ക്ലാസ്തല പതിപ്പുകൾ പാട്ടരങ്ങ്**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.. | വിദ്യാലയ വിശേഷങ്ങൾ ക്ലാസ്സിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1500 |

പ്രവർത്തനം: 8

പേര് : **എന്റെ വായനാക്കുറിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമമററി | 3000 |

പ്രവർത്തനം: 9

പേര് : **കയ്യെഴുത്തു മാസികകൾ, പ്രിന്റ്ഡ് മാഗസിൻ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരം ഒരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും പ്രിന്റഡ് മാഗസിൻ വർഷത്തിൽ 1 | വിദ്യാരംഗം ഭാഷാ ക്ലബ്ബ് പരസ്യം വഴി ഫണ്ടിങ് | 15000 |

പ്രവർത്തനം: **10**

പേര് : **രചനോത്സവം കഥോത്സവം**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷ ക്ലബ്ബ് | 2000 |

പ്രവർത്തനം: **10**

പേര് : **സർഗ്ഗവേള അമ്മയെഴുത്ത് (കുട്ടിയും രക്ഷിതാവും)**

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെകുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ 3000<br>ചെറിയ ക്ലാസിൽ<br>വായന കാർഡ് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

# ACADEMIC MASTER PLAN

# ENGLISH

## Objectives

**To encourage active listening and speaking skills**

**To develop an English atmosphere that the children are engaging**

**To expand vocabulary for improved communication and comprehension ensure fluency in reading and writing**

**To equip students with effective written communication skills**

**To establish a solid understanding of language elements**

**To develop a love for reading and literature**

**To develop children's own stories and drafting books**

**To apply the language in day today life**

| Name | Description | Duration | Charge |
|---|---|---|---|
| 1) English challenge | **PRETEST**<br>We can create an English atmosphere. Speak simple English sentences frequently uses simple questions and lead to jokes. Prepare some story cards and short videos of kids reading share them in Whats App group. Celebrate a day in a week as English day make use of some action songs and games also. | June to March | Class teacher |
| 2) English assembly | Listening- teacher talk speaking- prayer, pludge, news,riddles,diary, quotes of eminent leaders, readers, theatre etc. | June to March | Class teacher |
| 3) Speech bubbles. | Give chances for filling speech Bubbles. Give more chances in the units also | from June 2nd week onwards | Class teacher |
| 4) MEW | New words are introducing through pictures and appropriate sentences in different context to get its meaning.<br>students have to keep them in note books as my English word. | June to March | Class teacher |

| Name | Description | Duration | Charge |
|---|---|---|---|
| 5) Read and rejoice | Tells simple English stories with proper actions and voice modulations. Gives more stories having great values like brave, Unity, kindness, honesty, etc. for reading. | once in a week | English teacher |
| 6) Picture diary | Experience sharing and writing diary with suitable pictures | July to March | English teacher |
| 7) Hai English (English club ) | Various club activities eg: readers theatre | July to February | English teacher |
| 8) My notice | exhibits model notices leads to discussion and prepare school notices about major activities. | | English teacher |
| 9) Picture dictionary (world of words) | At the end of each unit collect the words and create a picture dictionary | At the end of each unit | English teacher |

| Name | Description | Duration | Charge |
|---|---|---|---|
| 10) Creative space | Provide students with a set of story related pictures. they should sequence the events and develop a meaningful story based on them. | Sargavela periods | English teacher |
| 11) Description | Gives different pictures to prepare a description. | July to February | English teacher |
| 12) Riddles | Teacher ask some riddles creating Peculiar it is of a riddle and gives "riddle making" as a group work. | from July onwards | English teacher |
| 13) Reading skills ( reading corner ) | Book reading, find words,collect and read past tense, rhyming words make a reading corner library book reading, conversation, skit,mime, stories | from July to February | English teacher |
| 14) writing skills | Make Word Web, word Chain and more lines thoughts, diary, announcement | July to March | English teacher |
| 15) Magazines | Make magazine using each student's products | February | English teacher |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവും ആയി തീരുന്ന വിധത്തിൽ ആയിരിക്കണം, ഗണിത ക്ലാസുകളിൽ പ്രവർത്തനങ്ങൾ നൽകേണ്ടത്. നിത്യജീവിതത്തിൽ കുട്ടികൾക്ക് സഹായകരമാകുന്ന വിധത്തിൽ ആയിരിക്കണം പഠനം.ഓരോ പഠന നേട്ടത്തിലൂടെയും ഗണിത ആശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

**പ്രവർത്തന ലക്ഷ്യങ്ങൾ**

★ കുട്ടികളുടെ ക്ലാസ് നിലവാരത്തിനനുസരിച്ച് സംഖ്യാബോധം നേടണം.

★ ചതുഷ്ക്രിയകൾ എല്ലാവരിലും ഉറപ്പിക്കണം.

★ ഗണിതരൂപങ്ങളുടെ പ്രത്യേകതകൾ തിരിച്ചറിയാൻ കഴിയണം.

★ സമയം, കലണ്ടർ,അളവുകൾ,എന്നിവയുമായി ബന്ധപ്പെട്ട ശേഷികൾ നേടണം.

★ പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കണം.
വ്യത്യസ്ത രീതിയിൽ ഉപയോഗപ്പെടുത്തൽ

| മാസം | പ്രവർത്തനങ്ങൾ | ചുമതല | ചെലവ് |
|---|---|---|---|
| ജൂൺ | ★ ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ, ലിസ്റ്റ് ചെയ്യൽ. രൂപങ്ങളുടെ നിർമ്മാണം,<br>★ തോരണം നിർമ്മാണം ടാൻഗ്രാം ഉപയോഗിച്ച്<br>★ രൂപങ്ങളുടെ നിർമ്മാണം<br>★ ഗണിത കിറ്റ് ഒരുക്കൽ<br>★ ജിയോ ബോർഡ് പരിചയപ്പെടൽ<br>★ വിവിധ ത്രിമാന രൂപങ്ങൾ തിരിച്ചറിയൽ ലിസ്റ്റ് ചെയ്യൽ | ക്ലാസ് അധ്യാപകൻ<br>രക്ഷിതാക്കൾ<br>എസ് ആർ ജി | 4000 |
| ജൂലൈ | ★ സംഖ്യാബോധം വളർത്താൻ പ്രവർത്തനങ്ങൾ സംഖ്യ മാലകൾ, ടോക്കണുകൾ,ടിക്കറ്റുകൾ,മഞ്ചാടി, ഈർക്കിൽ കമ്പ് കെട്ടുകൾ തുടങ്ങിയവ ഒരുക്കൽ<br>★ കളിനോട്ടുകൾ ശേഖരിക്കൽ<br>★ അബാക്കസ് സ്ഥാനവില പോക്കറ്റ് നിർമ്മാണം<br>★ ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ<br>★ ഗണിത ശില്പശാല | ക്ലാസ് അധ്യാപകർ<br>സിപിടി എ<br>എസ് ആർ ജി | |
| ആഗസ്റ്റ് | 1 മുതൽ 100 വരെ രണ്ടാം ക്ലാസ്<br>1000 വരെ മൂന്നാം ക്ലാസ്<br>10000 വരെ നാലാം ക്ലാസ്<br>} സംഖ്യ കാർഡ്, സംഖ്യ വ്യാഖ്യാനം, പാറ്റേണുകൾ<br>★ നാണയങ്ങളും കറൻസികളും ഉപയോഗിച്ചുള്ള ക്രയ വിക്രയം<br>★ ബാങ്ക്, കച്ചവടം ക്ലാസ് മുറിയിൽ ഒരുക്കൽ<br>★ റോമൻ അക്കങ്ങൾ തിരിച്ചറിയൽ<br>★ ഗണിത ക്വിസ് | ക്ലാസ് അധ്യാപകൻ<br>രക്ഷിതാക്കൾ<br>എസ് ആർ ജി | 1000 |

| മാസം | പ്രവർത്തനങ്ങൾ | ചുമതല | ചെലവ് |
|---|---|---|---|
| സെപ്റ്റംബർ | ★ വില വിവര പട്ടിക തയ്യാറാക്കൽ<br>★ ക്ലാസ്സിൽ ഒരു കട ഒരുക്കൽ ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ<br>★ ആവർത്തന സങ്കലനമാണ് ഗുണനം തിരിച്ചറിയുന്നു<br>★ നാലക്ക സംഖ്യകളുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം<br>★ സ്കെയിൽ നിർമ്മാണം നീളം അളന്ന് കണ്ടെത്തുന്നു<br>★ കണക്കുപെട്ടിയിൽ മഞ്ചാടി പൊട്ടുകൾ എന്നിവ വച്ച് വിപുലീകരണം<br>★ ക്ലോക്ക് നിർമാണം<br>★ സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം | ക്ലാസ് ടീച്ചർ<br>SRG<br>രക്ഷിതാക്കൾ<br>CPTA | 1000 |
| ഒക്ടോബർ | ★ രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം<br>★ വ്യവകലനം ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ തിരിച്ചറിയൽ<br>★ സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ | ക്ലാസ് ടീച്ചർ | 500 |
| നവംബർ | ★ പ്രായോഗിക പ്രശ്നപരിഹാരത്തിന് കളി നോട്ടുകൾ നിർമ്മാണം<br>★ നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ<br>★ കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ<br>★ ഉല്ലാസ ഗണിതം Materials ഉപയോഗപ്പെടുത്തൽ പതിപ്പ് നിർമ്മാണം<br>★ വാച്ച്,ക്ലോക്ക് എന്നിവ നോക്കി സമയം പറയൽ | ക്ലാസ് ടീച്ചർ<br>SRG | 500 |

| മാസം | പ്രവർത്തനങ്ങൾ | ചുമതല | ചെലവ് |
| --- | --- | --- | --- |
| ഡിസംബർ | ★ രണ്ടക്ക സംഖ്യകളുടെ സങ്കലനം വ്യത്യസ്ത രീതികൾ ഉപയോഗിക്കൽ<br>★ ക്ലോക്ക് നിർമ്മാണം<br>★ കലണ്ടർ നോക്കി ദിവസം മാസം കണ്ടെത്തൽ<br>★ കലണ്ടർ നിർമ്മാണം | ക്ലാസ് ടീച്ചർ | 500 |
| ജനുവരി | ★ വിലവിവരപ്പട്ടിക തയ്യാറാക്കൽ<br>★ പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ<br>★ സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം<br>★ ഒരു നിശ്ചിത എണ്ണത്തെ തുല്യമായി വീതിക്കാൻ ഹരണക്രിയ ഉപയോഗിക്കൽ | ക്ലാസ് ടീച്ചർ | 500 |
| ഫെബ്രുവരി | ★ ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ<br>★ ഗണിത ആലാപനം നടത്തൽ<br>★ ആവർത്തന വ്യവകലനമാണ് ഹരണം<br>★ ഹരണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ | ക്ലാസ് ടീച്ചർ | 500 |
| മാർച്ച് | ★ നിത്യ ജീവിതത്തിന്റെ ഭാഗമായും കളികളുടെ ഭാഗമായും ഉള്ളളവ്, ഭാരം എന്നിവയുമായി ബന്ധപ്പെട്ട ആശയങ്ങൾ, ഏകകങ്ങൾ എന്നിവ കൃത്യതയോടെ ഉപയോഗിക്കുന്നു.<br>★ അനുയോജ്യമായ ഉപകരണങ്ങൾ സൂക്ഷ്മതയോടെ ഉപയോഗിക്കുന്നു<br>★ കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>★ പഠനോത്സവം | ക്ലാസ് ടീച്ചർ<br>SRG | 1000 |

# അക്കാദമിക മാസ്റ്റർ പ്ലാൻ പരിസര പഠനം

## ആമുഖം

പ്രകൃതിയുമായി ബന്ധപ്പെട്ട നേരനുഭവവും നിരീക്ഷണവും വഴി കുട്ടികളിൽ കൗതുകം, ജിജ്ഞാസ, നി രീക്ഷണപാടവം എന്നിവ വളർത്തുക ചുറ്റുപാടുമുള്ള പ്രകൃതിയുടെ വൈവിധ്യവും പ്രക്രിയകളും മനസ്സിലാക്കാനുള്ള അവസരം ഒരുക്കുക

### പ്രവർത്തന ലക്ഷ്യങ്ങൾ

★ കുട്ടികളിൽ ശാസ്ത്രബോധം വികസിപ്പിക്കുകയും അത് നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുക
★ നിരീക്ഷണം,പരീക്ഷണം, ദത്ത ശേഖരണം,ശേഖരിച്ച വിവരങ്ങൾ തരംതിരിക്കൽ, വ്യാഖ്യാനിക്കൽ, വിശകലനം ചെയ്യൽ, നിഗമനത്തിനെത്തൽ,പരിശോധിക്കൽ, ആശയവിനിമയം ചെയ്യൽ തുടങ്ങിയ
★ ശാസ്ത്ര പഠനത്തിന്റെ പ്രവർത്തന രീതികൾ സ്വായത്തമാക്കുക
★ പ്രകൃതിയിലെ വൈവിധ്യവും പ്രക്രിയകളും മനസ്സിലാക്കുന്നതിനും പരിസ്ഥിതി സംരക്ഷണ ധാരണകളും മനോഭാവവും രൂപീകരിക്കുന്നതിനും കഴിയുക
★ പരിസ്ഥിതി സൗഹാർദ മനോഭാവം വളർത്തുക

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനം |
| --- | --- | --- |
| ജൂൺ | പ്രകൃതി നടത്തം<br>വ്യത്യസ്തതരം ചെടികളെ തിരിച്ചറിയുന്നു പുതിയ സസ്യങ്ങൾ ഉണ്ടാകുന്നതെങ്ങനെയെന്ന് പരീക്ഷണം നിരീക്ഷണം<br>ഫീൽഡ് ട്രിപ്പ് കുളം സന്ദർശനം | എസ് ആർ ജി<br>ക്ലാസ് ടീച്ചർ |
| ജൂലൈ | നിരീക്ഷണം<br>വിവിധ ചിത്രങ്ങളുടെ സഹായത്തോടെ ജീവികളുടെ ശാരീരിക പ്രവർത്തനങ്ങൾ, ഭക്ഷണരീതി എന്നിവ മനസ്സിലാക്കൽ | ക്ലാസ് ടീച്ചർ |
| ആഗസ്റ്റ് | പതിപ്പ് ചാർട്ട് ഡോക്യുമെന്റ് പ്രദർശനം: സ്വാതന്ത്ര്യ സമര ചരിത്രവുമായി ബന്ധപ്പെട്ട് നടത്തുന്നു. സ്വാതന്ത്ര്യദിന ക്വിസ് നേതാക്കളുടെ വേഷവിധാനങ്ങൾ എന്നിവ സ്കൂൾ അസംബ്ലിയിൽ അവതരണം<br>മഴ മാപിനി നിർമാണം,<br>ഫീൽഡ് ട്രിപ്പ്, കിണർ സന്ദർശനം,<br>മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ, | ക്ലാസ് ടീച്ചർ |
| സെപ്റ്റംബർ | വ്യക്തി ശുചിത്വം സ്കൂളും പരിസരവും വൃത്തിയാക്കുന്നു<br>മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കേണ്ടതിന്റെ ആവശ്യകത ബോധവൽക്കരണ ക്ലാസ്<br>ഭൂപട വായന, രചന സൂചിക നിർമ്മാണം | PTA<br>SRG |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനം |
|---|---|---|
| ഒക്ടോബർ | ഫീൽഡ് ട്രിപ്പ്, പഴം, പച്ചക്കറിക്കട വിവിധ ഭക്ഷണങ്ങളുടെ പ്രദർശനം<br>സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>പക്ഷി നിരീക്ഷണം | PTA<br>SRG |
| നവംബർ | ഫീൽഡ് ട്രിപ്പ്<br>ആരോഗ്യ വിദഗ്ദരുടെ ക്ലാസ്.<br>റോൾപ്ലേ: റോഡ് നിയമങ്ങൾ, ഫസ്റ്റ് എയ്ഡ് കിറ്റ് തയ്യാറാക്കൽ,<br>കലാരൂപങ്ങൾ പരിചയപ്പെടുത്തൽ,<br>അഭിമുഖം കലാകാരനുമായി അഭിമുഖം | എസ് ആർ ജി<br>ക്ലാസ് ടീച്ചർ |
| ഡിസംബർ | ഗ്ലോബ്,ടോർച്ച് എന്നിവ ഉപയോ ഗിച്ച് രാവും പകലും ഉണ്ടാകുന്നത്<br>പരീക്ഷണ നിരീക്ഷണങ്ങളിലൂടെ മനസ്സിലാക്കുന്നു.<br>ഭൂപട വായന<br>എന്റെ കേരളം ചിത്രരചന | ക്ലാസ് ടീച്ചർ |
| ജനുവരി<br>ഫെബ്രുവരി | പ്രകൃതി നടത്തം<br>വിവിധ ജീവികളുടെ കൂടുകൾ നിരീക്ഷിക്കുന്നു .<br>ഫീൽഡ് ട്രിപ്പ്<br>പൊതു സ്ഥാപനങ്ങൾ | PTA<br>SRG |

**അറബിക്**

| | | | |
|---|---|---|---|
| ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കൽ | എഴുത്ത്, വായന, പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമുള്ള കുട്ടികൾക്ക് അക്ഷരങ്ങൾ നൽകി നിറം നൽകുന്നു.<br>ഭാഷാ കളികൾ | രണ്ടു മാസം   പുസ്തകങ്ങൾ<br>അക്ഷര കാർഡുകൾ<br>കമ്പ്യൂട്ടർ | BRC ടീച്ചർ |
| വയനാലോകം<br>കുട്ടികളിൽ വായനാ ശീലം വളർത്താൻ നല്ല വായനക്കാരൻ ആക്കുക | 1 ലളിതമായ അറബി പുസ്തകം ശേഖരണം<br>ചിത്രകഥ<br>കഥാപുസ്തകങ്ങൾ<br>ചെറിയ വിവരണ പുസ്തകം<br>അറബി ക്വിസ്<br><br>2 ക്ലാസ് വായന<br>ഓരോ പിരീഡിലും ഒരു കുട്ടി ഒരു ഖണ്ഡിക ഉച്ചത്തിൽ വായിക്കുക.<br>വായിച്ച ബുക്കുകൾ രേഖപ്പെടുത്തുക<br>നല്ല വായനയ്ക്ക് സമ്മാനം നൽകുക | ആറു മാസം   സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | അറബി അധ്യാപകൻ<br><br>സർക്കാർ ഫണ്ട് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 3) ആസ്വാദനം | കുട്ടികൾക്ക് കവിത ആലപിക്കാനും ആസ്വദിക്കാനുള്ള അവസരം ഉണ്ടാക്കുന്നു<br>എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നു<br>ചെറിയ കഥകളും പാട്ടുകളും പ്രൊജക്റ്റ് സഹായത്തോടെ കാണാനും കേൾക്കാനുള്ള അവസരം സൃഷ്ടിക്കുന്നു..<br>ഉദാ : ഗുണ പാഠ കഥകൾ | | എൽ സി ഡി കമ്പ്യൂട്ടർ | ടീച്ചർ |
| 4) പ്രകടന വേദികൾ | ഭാഷാ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്. ഭാഷ കേൾക്കാനും ആശയവിനിമയം നടത്താനുമുള്ള അവസരങ്ങൾ ഉണ്ടാക്കുന്നു.<br>അറബിക് കമ്മ്യൂണിക്കേഷൻ<br>സ്കൂൾതലം ക്ലാസ് തലം, രണ്ടുമാസം<br>ഒരു വർഷം<br>അറബിക് അസംബ്ലി, അറബിക് മേളകൾ എന്നിവ നടത്തുന്നു. | രണ്ടു മാസം | | അധ്യാപകൻ കമ്പ്യൂട്ടർ ലാംഗ്വേജ് സ്ലാബ് |
| 5) പദപരിചയം പദസമ്പത്ത് വർദ്ധിപ്പിക്കൽ | ഒരു പദം പരിചയപ്പെടൽ<br>എല്ലാ ദിവസവും രാവിലെ ഓരോ പദം നോട്ടീസ് ബോർഡിൽ പതിക്കുന്നു<br>എല്ലാ വിദ്യാർത്ഥികളും ആ പദം എഴുതുകയും എല്ലാ മാസവും വിലയിരുത്തൽ നടത്തുകയും ചെയ്യുന്നു. മികച്ചു നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ് തലത്തിൽ സമ്മാനം നൽകുന്നു | ഒരു വർഷം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 8) സ്കൂൾ വാർഷികം<br>9)നല്ല എഴുത്ത്, | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം, കവിത, ഗാനം, മോണോ ആക്ട്, വാർത്താ വായന, ഇവ പരിശീലനത്തിലൂടെ അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br>ഭാഷാ<br><br>പഠിതാക്കൾ |
| കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | അറബി ഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത് (നസ്‌വി -റു ഖ ഈ)<br><br>വർക്ക് ഷീറ്റ്, കോപ്പി എന്നിവ നൽകി പരിശീലനം നൽകൽ<br>മാഗസിൻ തയ്യാറാക്കുക<br><br>ക്ലാസ് മാസിക നിർമ്മാണം<br>ചുമർ പത്രിക നിർമ്മാണം<br>വായന കാർഡ്<br>പതിപ്പ് നിർമ്മാണം | ഒരു വർഷം | പുസ്തകങ്ങൾ<br><br>ചാർട്ട് കളർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അറബിക് അസംബ്ലി | ഓരോ മാസവും ഓരോ അസംബ്ലി സംഘടിപ്പിക്കുന്നു.<br>പ്രതിജ്ഞ, ചെറിയ വാർത്തകൾ, കടംകഥകൾ, ചിന്താവിഷയം എന്നിവ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>അറബി കുറിപ്പുകൾ വായിക്കുന്നു<br>ദിനാചരണങ്ങളെ പറ്റി അറബിയിൽ പരിചയപ്പെടുന്നു. | | | |
| അറബിക് ഫെസ്റ്റ് | അറബിക് ദിനവുമായി ബന്ധപ്പെട്ട് അറബിക് ഫെസ്റ്റ് നടത്തുന്നു.<br>ഉദ്ഘാടനം<br>സ്കൂളിൽ നടന്ന മത്സരങ്ങളുടെ സമ്മാനച്ചടങ്ങ്<br>മികച്ച അറബി കലാ അവതരണം<br>അറബി കവിയെ പങ്കെടുപ്പിക്കൽ<br>അറബി എക്സിബിഷൻ<br>(ഭാഷാചരിത്രം, പ്രാധാന്യം,ജോലി സാധ്യത ഭാഷാ സൗന്ദര്യം, കാലിഗ്രാഫി)<br>അറബിക് ഡോക്യുമെന്ററി | | സ്കൂൾ ഹാൾ<br>പുസ്തകങ്ങൾ<br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br>പഠിതാക്കൾ |
| **10) മത്സരങ്ങൾ മുഴുവൻ വിദ്യാർഥികളിലെയും കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് അറബിക് മത്സരങ്ങൾ സംഘടിപ്പിക്കുക** | **ക്വിസ്,പദനിർമാണം, കഥപറയൽ, കവിത ചൊല്ലൽ, പദപ്രശ്നം,,കളറിംഗ്,മെമ്മറി ടെസ്റ്റ്,ഗദ്യ വായന, ആംഗ്യ ഗാനം, ഖുർആൻ പാരായണം, പദപയറ്റ്** | | | |
| **11 ദിനാചരണങ്ങൾ** | **സ്കൂളിൽ നടന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു.**<br>**നേരത്തെ നിശ്ചയിച്ചത് അനുസരിച്ച് ഓരോ ദിവസങ്ങൾക്കുമുള്ളവ പോസ്റ്ററുകൾ ഗ്രൂപ്പ് തലത്തിൽ നിർമ്മിക്കുന്നു** | | | **അധ്യാപകൻ** |